# മഹാത്മാഗാന്ധിസർവ്വകലാശാല

## പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 29

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.എഡ്(ദ്വിവത്സരം-2018 അഡ്മിഷൻ റഗുലർ/2016,2017, അഡ്മിഷൻ സപ്ലിമെന്ററി/2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ 20 മുതൽ ആരംഭിക്കും. പിഴ കൂടാതെ ഒക്ടോബർ അഞ്ചു വരെയും 525 രൂപ പിഴയോടെ ഒക്ടോബർ ആറു വരെയും 1050 രൂപ സൂപ്പർ ഫൈനോടെ ഒക്ടോബർ ഏഴു വരെയും അപേക്ഷിക്കാം. പരീക്ഷ ഫീസിനു പുറമേ റഗുലർ വിദ്യാർഥികൾ 210 രൂപയും സപ്ലിമെന്ററി വിദ്യാർഥികൾ പേപ്പറൊന്നിന് 55 രൂപ വീതം(പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

(പി.ആർ.ഒ/39/932/2020)

## കോവിഡ് 19 വ്യാപനവും ചികിത്സാരീതികളും; വെബിനാർ ഒക്ടോബർ ഒന്നിന്

കോവിഡ് 19 വ്യാപനവും വിവിധ ചികിത്സാരീതികളും സംബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാല സംഘടിപ്പിക്കുന്ന രാജ്യാന്തര വെബിനാർ ഒക്ടോബർ ഒന്നിന് നടക്കും. വൈകിട്ട് അഞ്ചു മുതൽ ഒമ്പതു വരെ വെബെക്സിലൂടെയാണ് പാനൽ ചർച്ച. വിവിധ ചികിത്സാ സമ്പ്രദായങ്ങളിൽനിന്നുള്ള വിദഗ്ധർ ചർച്ചയിൽ പങ്കെടുക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മോഡറേറ്ററാകും. ഡോ. സജിത്ത് കുമാർ, ഡോ. സി.പി. മാത്യു, ഡോ. ഷാജി വി. കുടിയത്(ഫിലിപ്പൈൻസ്), ഡോ. രാഘവൻ, ശാരദ രാഘവൻ (യൂറോപ്പ്), ഡോ. വാഹിദ്, ഡോ. മാത്യു സെബാസ്റ്റിയൻ(ഓസ്ട്രിയ), ഡോ. ശിവരാമൻ(തമിഴ്നാട്), അനീഷ ഹൊളാഡെ(അമേരിക്ക), ഡോ. കുര്യൻ എന്നിവർ പങ്കെടുക്കും. https://mgu.webex.com/mgu/j.php?MTID=m40c707a725ce1907da2bd9b658de4953 എന്ന ലിങ്കിലൂടെ പങ്കെടുക്കാം. മീറ്റിങ് നമ്പർ: 170 655 2255 പാസ് വേഡ്: 5ifNRqtdF76

(പി.ആർ.ഒ/39/932/2020)

# എം.ജി.യിൽ രാജ്യാന്തര ബധിര വാരാചരണത്തിന് ഇന്ന് സമാപനം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേർണിംഗ് ഡിസബിലിറ്റീസ്, ഡിപ്പാർട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജ്, ബ്രയിൽ റിസർച്ച് സെന്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച രാജ്യാന്തര ബധിര വാരാചരണം ഇന്ന്(സെപ്റ്റംബർ 30) സമാപിക്കും.

ഓൺലൈൻ ബോധവൽക്കരണം, പോസ്റ്ററിങ്, വെബിനാർ, പുസ്തക പ്രകാശനം എന്നീ പരിപാടികളാണ് വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചത്. ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച ഈ വർഷത്തെ പ്രമേയമായ 'ബധിരരുടെ അവകാശ സംരക്ഷണം ആംഗ്യ ഭാഷയിലൂടെ' എന്ന വിഷയത്തിൽ നടന്ന വെബിനാറിൽ ഐ.ആർ.എൽ.ഡി. ഡയറക്ടർ ഡോ. കെ.എം. മുസ്തഫ മുഖ്യപ്രഭാഷണം നടത്തി. ആംഗ്യ ഭാഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ലോയിസ് രാജ്, കശ്യപ് മോഹൻ, ബ്രിജിത് മരിയ, സിസ്റ്റർ സിൽവി, വിനയ ബാബു എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ പ്രൊഫ. രാജീവ് കുമാർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജ് അധ്യാപിക അനഘ, പ്രോഗ്രാം കൺവീനർ സുഖദേവ് എന്നിവർ സംസാരിച്ചു. വാരാചരണത്തോടനുബന്ധിച്ച ഡോ. കെ.എം. മുസ്തഫ എഴുതിയ 'സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനവും ഭിന്നശേഷി വിഭാഗങ്ങളുടെ അവകാശങ്ങളും' എന്ന പുസ്തകം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സെപ്റ്റംബർ 30ന് പ്രകാശനം ചെയ്യും. സർവകലാശാല പബ്ലിക് റിലേഷൻസ് ഓഫീസർ എ. അരുൺ കുമാർ പുസ്തകം ഏറ്റുവാങ്ങും.

(പി.ആർ.ഒ/39/933/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ